'ഭരണഭാഷ– മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് – ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് – ആലപ്പുഴ ഇ.എസ്.ഐ ആശുപത്രിയിൽ ഡോബി തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി.മജീനാ ബീഗത്തിന്റെ അനാരോഗ്യം പരിഗണിച്ച് ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II ആയി തസ്തിക മാറ്റം അനുവദിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും(എഫ്)വകുപ്പ്**

സ.ഉ.(കൈ) നം.57/2019/തൊഴിൽ തീയതി,തിരുവനന്തപുരം, 02/11/2019

---

പരാമർശം:- 1) ശ്രീമതി.മജീനാ ബീഗത്തിന്റെ 14.08.2018 ലെ അപേക്ഷ.

2) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 24.9.2018, 07.5.2019, 23.7.2019, 24.9.2019 എന്നീ തീയതികളിലെ ഇ5-16488/2018/ഡി.ഐ.എം.എസ്, 01.11.2018 ലെ ഇ5-18479/2018/ഡി.ഐ.എം.എസ് നമ്പർ കത്തുകൾ.

3) കൊല്ലം ജില്ലാ ആശുപത്രി സൂപ്രണ്ടിന്റെ 5.7.2019 ലെ എം.ആർ.എൽ 5542/2019 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ഇ.എസ്.ഐ ആശുപത്രിയിൽ ഡോബി തസ്തികയിൽ ജോലി ചെയ്യുന്ന കൊല്ലം സ്വദേശിനിയും വിധവയുമായ ശ്രീമതി.മജീനാ ബീഗം, തനിക്ക് ആരോഗ്യപരമായ കാരണങ്ങളാൽ ഡോബി തസ്തികയിൽ ജോലി ചെയ്യാൻ കഴിയാത്ത സാഹചര്യമാണ് ഉള്ളത് എന്നും അതുകൊണ്ട് ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് – II തസ്തികയിലേക്ക് തസ്തിക മാറ്റം അനുവദിക്കണം എന്നും അഭ്യർത്ഥിച്ച് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ മുമ്പാകെ പരാമർശം – 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ കഠിനമായ ജോലികളും ദീർഘദൂര യാത്രകളും ഒഴിവാക്കണമെന്ന കൊല്ലം ജില്ലാ ആശുപത്രിയിലെ ഓർത്തോ സർജന്റെ മെഡിക്കൽ സർട്ടിഫിക്കറ്റും അപേക്ഷക ഹാജരാക്കിയിട്ടുണ്ട്.

2) ലാസ്റ്റ് ഗ്രേഡ് സർവ്വീസ് റൂൾസ് പ്രകാരം ഡോബി തസ്തിക Category 4(a)-ലും ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് – II തസ്തിക Category 4(z) ലുമാണ് ഉൾപ്പെടുന്നത് എന്നും ഇത് ഒരേ കാറ്റഗറി പ്രകാരം ഉള്ള തസ്തികകൾ ആണെന്നും പരാമർശം – 2 പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കൂടാതെ ശ്രീമതി.മജീനാ ബീഗത്തിന് ഡോബികൾക്കായുള്ള ലിസ്റ്റിൽ നിന്നാണ് നിയമനം നൽകിയിട്ടുള്ളതെന്നും ഡോബി തസ്തികയും ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് - II തസ്തികയും ഒരേ ശമ്പളസ്കെയിൽ (16,500 - 35,700) ആണെന്നും ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരം ശ്രീമതി.മജീനാ ബീഗത്തിന് തസ്തികമാറ്റം അനുവദിക്കുന്നതിൽ അപാകതയില്ല എന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒപ്പം ടി വ്യക്തിയുടെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് ശുപാർശ ചെയ്തിട്ടുമുണ്ട്.

3) കൊല്ലം ജില്ലാ ആശുപത്രി സൂപ്രണ്ട് പരാമർശം 4 പ്രകാരം നൽകിയ വൈദ്യ പരിശോധനാ റിപ്പോർട്ടിൽ ആരോഗ്യ സ്ഥിതി വഷളാകാതിരിക്കുന്നതിനായി കഠിനമായ ജോലികളും ദീർഘദൂര യാത്രകളും ഒഴിവാക്കണമെന്ന കൊല്ലം ജില്ലാ ആശുപത്രിയിലെ ഓർത്തോ സർജന്റെ മെഡിക്കൽ സർട്ടിഫിക്കറ്റിലെ വസ്തുതകൾ ശരിയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ഇ.എസ്.ഐ ആശുപത്രിയിൽ ഡോബി തസ്തികയിൽ ജോലി ചെയ്യുന്ന വിധവയായ ശ്രീമതി.മജീനാ ബീഗത്തിന്റെ അനാരോഗ്യം കണക്കിലെടുത്ത് 1958 ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ചട്ടം 39 വിനിയോഗിച്ച് ഒരു പ്രത്യേക കേസായി പരിഗണിച്ച് ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സത്യജിത് രാജൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്, തിരുവനന്തപുരം.

ശ്രീമതി.മജീനാ ബീഗം, ഡോബി, ഇ.എസ്.ഐ ആശുപത്രി, ആലപ്പുഴ (ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (05.12.2018 ലെ ഉപദേശ എ2/310/2018/ഉ.ഭ.പ.വ പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 3452, തീയതി 31.10.2019)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

**മേലെഴുത്ത് കത്ത് നം.ഇ 5-16488/2018/ഡി.ഐ.എം.എസ് തീയതി: 15/11/2019**

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും നടപടികൾക്കുമായി നല്കുന്നു.

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്കുവേണ്ടി**

സ്വീകർത്താവ്:-

സൂപ്രണ്ട്, ഇ.എസ്.ഐ. ആശുപത്രി, ആലപ്പുഴ

പകർപ്പ്:-

1.ശ്രീമതി. മജീന ബീഗം, ഡോബി , ഇ.എസ്.ഐ ആശുപത്രി , ആലപ്പുഴ.
2.ആർ.ഡി. ഡി., ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, മദ്ധ്യമേഖല, എറണാകുളം.
3.ഫയൽ/സ്റ്റോക്ക് ഫയൽ

ms